## കേരള സർവകലാശാല

നം. പി.ആർ.102/2017 ഫോൺ : 2305738

### പത്രക്കുറിപ്പ്

### പ്രോഗ്രാമർ ഒഴിവ്

കേരള സർവകലാശാല കമ്പ്യൂട്ടർ സെന്ററിലേക്കും വിവിധ പഠനവകുപ്പുകളിലേക്കും കരാറടിസ്ഥാനത്തിൽ പ്രോഗ്രാമർ തസ്തികയിൽ ഒരു വർഷത്തെ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷകൾ മെയ് 16 വൈകുന്നേരം അഞ്ച് മണിക്കകം ലഭിക്കണം. യോഗ്യരായവരിൽ നിന്നും ഇന്റർവ്യൂ പ്രകാരം തെരഞ്ഞെടുക്കും. യോഗ്യത, പ്രായം, പ്രവൃത്തിപരിചയം മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### ബി.കോം പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല മെയ് 15-ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.കോം ആന്വൽ സ്കീം പരീക്ഷയ്ക്ക് പന്തളം എൻ.എസ്.എസ് കോളേജ് പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികളിൽ രജിസ്റ്റർ നം. 3031656001 മുതൽ 3031656150 വരെയുള്ളവർ ചെങ്ങന്നൂർ എസ്.എൻ കോളേജിലും, രജിസ്റ്റർ നം. 3031656151 മുതൽ 3031656300 വരെയുള്ളവർ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലും പരീക്ഷ എഴുതണം.

കേരള സർവകലാശാല മെയിൽ നടത്തുന്ന ഒന്നും രണ്ടും മൂന്നും വർഷ ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ത്രീ മെയിൻ) പരീക്ഷയ്ക്ക് കാട്ടാക്കട ക്രിസ്ത്യൻ കോളേജ്, കാര്യവട്ടം ഗവ. കോളേജ് എന്നിവ പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ പാളയം വിദൂര വിദ്യാഭ്യാസകേന്ദ്രത്തിലും, കൊല്ലം എഫ്.എം.എൻ പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ കോളേജിലും, പുനലൂർ സെന്റ് ഗോരേറ്റി എച്ച്.എസ്.എസ്, ഓയൂർ ചെറിയവള്ളിനെല്ലൂർ കെ.പി.എം.എച്ച്.എസ്.എസ് എന്നിവ പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ പുനലൂർ എസ്.എൻ കോളേജിലും, ആലപ്പുഴ ലജനത്തുൾ എച്ച്.എസ്.എസ്, സർവകലാശാലയുടെ അധികാരപരിധിക്ക് പുറത്തുള്ള മറ്റ് കേന്ദ്രങ്ങൾ പരീക്ഷാകേന്ദ്രമായി ആവശ്യപ്പെട്ട വിദ്യാർത്ഥികൾ ചേർത്തല എസ്.എൻ കോളേജിലും ഹാൾടിക്കറ്റ് വാങ്ങി പരീക്ഷ എഴുതണം. മറ്റ് പരീക്ഷകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

### എം.എസ്സി കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ

കേരള സർവകലാശാല ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മെയ് 16 മുതലും ഒന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മെയ് 22 മുതലും അതത് സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ സി.ബി.സി.എസ് രണ്ടാം സെമസ്റ്റർ ബി.കോം (റഗുലർ 2015 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2014 അഡ്മിഷൻ, സപ്ലിമെന്ററി 2013 അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി മെയ് 31.

## എൽ.എൽ.ബി ടൈംടേബിൾ

കേരള സർവകലാശാലയുടെ രണ്ടാം വർഷം (ത്രിവത്സരം), നാലാം വർഷം (പഞ്ചവത്സരം) (1998-ന് മുമ്പുള്ളതും, 1998 അഡ്മിഷനും)(പുതിയ സ്കീം & പഴയ സ്കീം മേഴ്സി ചാൻസ്) എൽ.എൽ.ബി പരീക്ഷകൾ മെയ് 31-ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## അപേക്ഷകൾ ക്ഷണിച്ചു

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ് ഓഫ് കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോ ഇൻഫർമാറ്റിക്സിലെ എസ്.ഐ.യു.സി.ഇ.ബി പ്രോജക്ടിലേക്ക് ബയോ ഇൻഫർമാറ്റീഷ്യൻ, പ്രൊജക്ട് ട്രെയിനി എന്നീ താൽകാലിക ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. വിശദ വിവരങ്ങൾക്ക് www.dcb.res.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## MOOC കോഴ്സ്

കേരള സർവകലാശാലയുടെ സൗജന്യ ഓൺലൈൻ MOOC കോഴ്സാരംഭിച്ചു. മികച്ച മൾട്ടിമീഡിയ പ്രസന്റേഷൻ ഉണ്ടാക്കുന്നതിനെ കുറിച്ചുള്ള കോഴ്സായ MOOC -ലേക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി മെയ് 12. (www.keralauniversity.ac.in/mooc) എന്ന വെബ്സൈറ്റ് വഴിയാണ് രജിസ്റ്റർ ചെയ്യേണ്ടത്. മുഴുവൻ ലക്ചറുകളും ടെസ്റ്റുകളും ഓൺലൈനായി ചെയ്താൽ മതിയാകും.ഫോൺ : 0471 3216730

തിരുവനന്തപുരം.
10.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098